

WEDNESDAY 14.02.2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/02/2024

1. ആഗസംരക്ഷണ വകുപ്പ് എ ഹെൽപ് അക്രഡിറ്റഡ് ഏജന്റ് ഫോർ ഹെൽത്ത് ആൻഡ് എക്സ്റ്റൻഷൻ ഓഫ് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (ഫെബ്രുവരി 14) ഉച്ചയ്ക്ക് 12 മണിക്ക് ട്രാവൻകൂർ ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ ഗ്രീൻഫീൽഡ് സ്റ്റേഡിയം കാര്യവട്ടത്ത് വച്ച് കഴക്കൂട്ടം എം എൽ എ കടകംപള്ളി സുരേന്ദ്രന്റെ അധ്യക്ഷതയിൽ മൃഗസംരക്ഷണ ക്ഷീരവികസന മൃഗശാല വകുപ്പ് മന്ത്രി ജെ ചിഞ്ചു റാണി നിർവഹിക്കുന്നു. തദവസരത്തിൽ എ ഹെൽപ് പരിശീലന കിറ്റ് വിതരണ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് നിർവഹിക്കുന്നു.

2. ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന വിഖ്യാത കൃഷിശാസ്ത്രജ്ഞൻ എം.എസ് സ്വാമിനാഥന് ഭാരത് രത്ന പ്രഖ്യാപിച്ചു. മരണാനന്തര ബഹുമതിയായാണ് ഇന്ത്യയുടെ പരമോന്നത അംഗീകാരം ഈ അതുല്യപ്രതിഭയെത്തേടി എത്തിയിരിക്കുന്നത്. സ്വാതന്ത്ര്യാനന്തരയിന്ത്യയെ പട്ടിണിയിൽനിന്നു കരകയറ്റിയ ഹരിതവിപ്ലവത്തിന്റെ അമരക്കാരൻ എന്ന നിലയിലാണ് എംഎസ് സ്വാമിനാഥനെ ഇന്ത്യൻ ജനത ഓർക്കുന്നത്.

3. തിരുവനന്തപുരം ജില്ലാതല മൃഗക്ഷേമ അവാർഡ് 2023-24 വിതരണവും ഫാം ലൈസൻസിംഗ് റൂൾ, മാർക്കറ്റ് റൂൾ പ്രിവെൻഷൻ ഓഫ് ക്രൂവൽറ്റി റ്റു അനിമൽസ് ആക്ട് ഡോഗ് ബ്രീഡിങ് റൂൾ പഞ്ചായത്ത് രാജ് ആക്ട് എന്നീ നിയമങ്ങൾ സംബന്ധിച്ചുള്ള മൃഗക്ഷേമ ബോധവൽക്കരണ സെമിനാറും 2024 ഫെബ്രുവരി 15 നു രാവിലെ 9.00 മണിയ്ക്ക് തിരുവനന്തപുരം ജില്ലാമൃഗസംരക്ഷണ ഓഫീസിലെ കോൺഫറൻസ് ഹാളിൽ വച്ച് സംഘടിപ്പിക്കുന്നു.

4. കുട്ടനാട്ടിൽ പുഞ്ചകൃഷി ഇറക്കിയ ചില പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിദ്ധ്യം കാണുന്നുണ്ട്. കർഷകർ ജാഗ്രത പുലർത്തേണ്ടതും നിരന്തരം നെൽച്ചെടിയുടെ ചുവട്ടിൽ പരിശോധന നടത്തേണ്ടതുമാണ്. മുഞ്ഞയ്ക്കെതിരെ രാസകീടനാശിനി പ്രയോഗം നടത്തുന്നതിന് മുമ്പ് കർഷകർ നിർബന്ധമായും സാങ്കേതിക ഉപദേശം തേടിയിരിക്കണം. ശുപാർശ പ്രകാരം അല്ലാതെയുള്ള കീടനാശിനികൾ തളിക്കുന്നത് കീടബാധ കൂടുതൽ ഇടങ്ങളിലേയ്ക്ക് ബാധിക്കുന്നതിന് കാരണമാകും. നിലവിൽ എല്ലായിടത്തും രാസകീടനാശിനി പ്രയോഗം നടത്തേണ്ട സാഹചര്യമില്ല. കീടനിരീക്ഷണ കേന്ദ്രം ഉദ്യോഗസ്ഥർ അതാത് കൃഷിയിടങ്ങൾ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഇതിനായി കർഷകർക്ക് 0477 2702683 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

5. മണർകാട്: പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും കാവേരി, ഗ്രാമശ്രീ ഇനങ്ങളിൽപെട്ട ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ പൂവൻ ഒന്നിന് 5 രൂപയ്ക്കും പിട ഒന്നിന് 25 രൂപയ്ക്കും എല്ലാ ചൊവ്വ , വെള്ളി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ലഭ്യമാണ്. കോഴി മുട്ട ഒന്നിന് 5.50/-നും കോഴി വളം കിലോയ്ക്ക് 3 രൂപയ്ക്കും എല്ലാ ദിവസങ്ങളിലും ലഭ്യമാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ പൗൾട്രി ഫാം മണർകാട് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0481- 2373710, 8301897710

6. കുളങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ഫിഷറീസ് വകുപ്പിൽ അപേക്ഷിക്കാം. 40 ശതമാനം ധനസഹായം ലഭിക്കും. അപേക്ഷകൾ ഫെബ്രുവരി 16നകം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0474-2792850, 2795545 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. മൃഗസംരക്ഷണ വകുപ്പിന്റെ കോട്ടയം ജില്ലയിലെ രണ്ട് മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലേക്ക് വെറ്ററിനറി സർജനെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് ഇന്ന് (ഫെബ്രുവരി 14) രാവിലെ 10.30ന് കളക്ട്രേറ്റിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ രജിസ്റ്റർ ചെയ്ത ബി.വി.എസ്.സി. ആൻഡ് എ.എച്ച്. പാസായവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0481 2563726.

8. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി കോംപ്ലക്സിൽ മൂന്ന് രൂപയ്ക്ക് കോഴി വളം വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0475 2292899 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

## പരിശീലന പരിപാടി

9. തിരുവനന്തപുരത്തെ ആർടിടിസി കാർഷിക യന്ത്രപരിശീലനപരിപാടിയുടെ ഭാഗമായി മൂന്നുദിവസം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടി നടത്തുന്നു. കാർഷികയന്ത്രങ്ങളായ തെങ്ങുകയറ്റയന്ത്രം, പുല്ലുവെട്ട് യന്ത്രം,ഗാർഡൻ ടില്ലർ , പവർ ടില്ലർ, കവുങ്ങ് കയറ്റയന്ത്രം മരം മുറിക്കുന്ന യന്ത്രം, ഞാറുനടീൽ യന്ത്രം സ്പ്രേയർ, മിനിട്രാക്ടർ, ട്രാക്ടർ തുടങ്ങിയ ഉപകരണങ്ങളുടെപരിശീലനമാണ് നടക്കുന്നത്. സ്ത്രീകൾക്കും പുരുഷന്മാർക്കും പങ്കെടുക്കാം. താമസവും ഭക്ഷണവും ട്രെയിനിങ് സെന്ററിൽ ഒരുക്കിയിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ദിവസം 150 വച്ച് മൂന്നു ദിവസത്തേക്ക് 450 രൂപ സ്റ്റൈപ്പന്റായി നൽകുകയും ചെയ്യും. കേരളത്തിൽ കൃഷിവകുപ്പിന്റെ കീഴിൽ കാർഷികയന്ത്രങ്ങളിൽ പരിശീലനം നൽകുന്ന സംസ്ഥാനത്തെ ഏകകേന്ദ്രമാണ് റിസർച്ച് ടെസ്റ്റിങ് ആന്റ് ട്രെയിനിങ് സെൻറർ (RTTC).

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർനടീലിൽ 2024 ഫെബ്രുവരി 20-ന് ഏകദിനപരിശീലനം നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ നടക്കുന്ന പരിശീലനത്തിന്റെ മാധ്യമം മലയാളം ആയിരിക്കും. റബ്ബർനടീൽ, പരിപാലനം എന്നിവ ഉൾപെടുന്നതാണ് പരിശീലനപരിപാടി. പരിശീലനം സംബന്ധിച്ച കൂടുതൽവിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം